# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6290      03.04.2018-ൽ മറുപടിക്ക്

## ആദിവാസികൾക്കിടയിലെ ശിശു-മാതൃമരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ.എം. കെ. മുനീർ : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | ആദിവാസികൾക്കിടയിലെ ആരോഗ്യ പ്രശ്നങ്ങളും പോഷകാഹാരക്കുറവും പരിഹരിക്കാൻ സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്; | എ) | • സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി സമഗ്ര ആരോഗ്യ സുരക്ഷാപദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട മറ്റ് സഹകരണ ആശുപത്രികളിലും പൂർണ്ണമായും സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു. ഐ.ടി.ഡി. പ്രൊജക്ട് ഓഫീസർമാർ/പട്ടികവർഗ്ഗ വികസന ഓഫീസർമാർ മുഖേനയും വകുപ്പ് അദ്ധ്യക്ഷൻ മുഖേനയും ചികിത്സാ ധനസഹായം നൽകുന്നു. കൂടാതെ ബഹു. വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വിവിധ രോഗങ്ങൾക്ക് ധനസഹായം അനുവദിച്ച് വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 5 അലോപ്പതി ഒ.പി. ക്ലിനിക്കുകളും ആറളത്ത് ഒരു ആയുർവേദ ആശുപത്രിയും സംസ്ഥാനത്താകെ 17 ആയുർവേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. ഇടുക്കി, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് എന്നിവിടങ്ങളിലായി ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. HLL (Hindustan Lifecare Limited) മുഖേന KMSCL (Kerala Medical Services Corporation Limited) മുഖേന വകുപ്പിന് കീഴിൽ മലപ്പുറം, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിക്കുന്നു.<br>• കൂടാതെ കൊല്ലം, ഇടുക്കി, പാലക്കാട്, കാസർഗോഡ്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ KMSCL (Kerala Medical Services Corporation Limited) മുഖേന ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ | |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്നു. പത്തനംതിട്ട, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ പുതുതായി മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനും വയനാട്, പാലക്കാട് എന്നിവിടങ്ങളിൽ ഓരോ യൂണിറ്റ് കൂടി ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>• അട്ടപ്പാടി മേഖലയിൽ പോഷകാഹാരക്കുറവു മൂലമുള്ള അസുഖങ്ങളുടെ ചികിത്സക്കായി 3 NRC (Nutrition Rehabilitation Centre)കൾ പ്രവർത്തിക്കുന്നു.<br>• സിക്കിൾസെൽ അനീമിയ രോഗികൾക്ക് മരുന്ന്, മറ്റ് ജീവനോപാധികൾ എന്നിവ വാങ്ങുന്നതിലേക്കായി പ്രതിമാസം 2,500/- രൂപ വീതം സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതിയും ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പ്രതിമാസം 1,000/- രൂപ വീതം 18 മാസത്തേക്ക് നൽകുന്ന ജനനി - ജന്മരക്ഷാ പദ്ധതിയും പട്ടിക വർഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്നു.<br>• പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യ സഹായ പദ്ധതി, അട്ടപ്പാടി മേഖലയിൽ പാകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു.<br>• സാമൂഹ്യ നീതി വകുപ്പിൻ കീഴിൽ അംഗൻവാടികൾ മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാരം നൽകി വരുന്നു. പ്രീ-സ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവയും വിതരണം ചെയ്യുന്നു. കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കായി സബല കിറ്റുകൾ വിതരണം നടത്തുന്നു. പോഷകാഹാര അപര്യാപ്തതയുള്ളവരെ കണ്ടെത്തി സപ്ലി മെന്ററി ന്യൂട്രീഷ്യൻ പ്രോഗ്രാം നടപ്പിലാക്കി വരുന്നു. കുട്ടികൾക്കായി അമൃതം ന്യൂട്രിമിക്സ് വിതരണം നടത്തുന്നു. ആരോഗ്യ വകുപ്പ് മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും അയൺ ഫോളിക് ആസിഡ് ഗുളികകൾ വിതരണം നടത്തുകയും ചെയ്യുന്നു.<br>• അട്ടപ്പാടിയിലെ പരമ്പരാഗത കൃഷിരീതികളെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പുമായി സഹകരിച്ച് **"മില്ലറ്റ് വില്ലേജ്"** എന്ന പദ്ധതി നടപ്പിലാക്കുന്നു. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത പദ്ധതികൾ ശിശു-മാതൃമരണം കുറയ്ക്കാൻ സഹായകരമായിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) | ഇക്കാര്യത്തിൽ കൂടുതൽ പഠനങ്ങൾ നടത്തി നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; | സി) | ആവശ്യകത അനുസരിച്ച് ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| ഡി) | 2017-ൽ അട്ടപ്പാടിയിൽ നിന്നും റിപ്പോർട്ട് ചെയ്ത ശിശുമരണം എത്രയാണ്? | ഡി) | 2017-ൽ അട്ടപ്പാടിയിൽ നിന്നും 14 ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**